ഉത്തരം

(എ) കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 4 ഓഫറുകളുടെ സാങ്കേതിക ബിഡുകളുടെ പരിശോധന പൂർത്തിയാക്കി. അതിൽ ഒന്നാം സ്ഥാനം ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ബിഡിന്റെ പരിശോധന നടന്നുകൊണ്ടിരിക്കെ മാധ്യമങ്ങളും പ്രമുഖ രാഷ്ട്രീയ നേതാക്കളും മറ്റുള്ളവരും പി.സി.ഐ. എന്ന കമ്പനിയെ ഹ്രസ്വലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെ കുറിച്ച് വീണ്ടും വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും ഇന്നത്തെ സാഹചര്യത്തിൽ പുതിയതായി ആഗോള ടെൻഡർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി പ്രതീക്ഷിക്കുന്നു.

(ബി) കരാറനുസരിച്ച് 382.07 കോടി രൂപ കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടമായി ലഭിക്കും. മൊത്തം ജപ്പാൻ സഹായം 1519.38 കോടി രൂപയാണ്.

(സി) ലോൺ എഗ്രിമെന്റ് പ്രാബല്യത്തിൽ വന്ന തീയതി (3-6-1997) മുതൽ 9 വർഷത്തിനുള്ളിൽ അതായത് 2006 ജൂൺ 3 നകം അവസാന ഗഡു വായ്പ കൈപ്പറ്റിയിരിക്കണം.

(ഡി) ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകത ഉണ്ടെന്നാരോപിച്ച് കൊണ്ട് വിജിലൻസ് ഡയറക്ടർ മുഖേന ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ മുൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ശ്രീമതി മിനി മാത്യുവിനെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) സി.ബി.ഐ. ഉദ്യോഗസ്ഥർ കേരള വാട്ടർ അതോറിറ്റിയിലെ ചില ഫയലുകൾ പരിശോധിച്ചിരുന്നു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാന സർക്കാരിന് യാതൊരു അറിയിപ്പും ലഭ്യമായിട്ടില്ല.

ജലവിതരണത്തിനും ശുദ്ധീകരണത്തിനും ലോകബാങ്കിൽ നിന്നുള്ള വായ്പ

56 (281) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിതരണത്തിനും ശുദ്ധീകരണത്തിനും വേണ്ടി ലോകബാങ്കിൽ നിന്ന് എന്തു തുകയുടെ പലിശരഹിത വായ്പ ലഭിക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത് ;

(സി) ഇതിൽ നിന്ന് ഇതുവരെ എന്തു തുക ചെലവായി ;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക ചെലവായത് ?

ഉത്തരം

(എ-ഡി) ഈ പദ്ധതിക്ക് വായ്പയൊന്നും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കുമായി ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ 2001-2006-ൽ കാലയളവിൽ സംസ്ഥാന സർക്കാരിന് ഏകദേശം 65.5 മില്യൺ (ഏകദേശം 300 കോടി രൂപ) അമേരിക്കൻ ഡോളർ ധനസഹായമായി ലഭിക്കുന്നതാണ്.

ലോകബാങ്കിന്റെ സഹായത്തോടുകൂടി ശുദ്ധജലവിതരണ പദ്ധതി

57 (282) ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്കായുള്ള ചർച്ചയിൽ സംസ്ഥാനത്തേയും ലോകബാങ്കിനേയും പ്രതിനിധീകരിച്ചത് ആരെല്ലാം ;

(സി) ലോകബാങ്കിൽ നിന്നും എത്ര തുക ശുദ്ധജലവിതരണ പദ്ധതികൾക്ക് ലഭിക്കും ;

(ഡി) ലോകബാങ്ക് സഹായം ലഭിക്കുന്നതിനായി കർഷകർക്കുള്ള സബ്സിഡി, വൈദ്യുതി സബ്സിഡി, കുടിവെള്ളത്തിന് നൽകുന്ന സബ്സിഡി എന്നിവ നിർത്തലാക്കാമെന്ന് ലോകബാങ്കുമായി കരാർ ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സബ്സിഡികളും സൗജന്യങ്ങളും നിർത്തലാക്കുന്നത് എത്രപേരെ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ലോകബാങ്കിന്റെ സഹായത്തോടുകൂടി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 80-100 ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചത് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ജലസേചന-ജലവിതരണ സെക്രട്ടറി, കേരള റൂറൽ വാട്ടർ സാനിറ്റേഷൻ ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരും ലോകബാങ്ക് പ്രതിനിധീകരിച്ചത് അവരുടെ സീനിയർ സാനിറ്ററി എഞ്ചിനീയറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly